# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6068 — 04.11.2016 -ൽ മറുപടിക്ക്

## കൊല്ലം പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള പഠനറിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| | കൊല്ലം, പരവൂർ, തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള സി.ഡബ്ല്യൂ.പി.ആർ.എസ്.ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;ആയത് വിശദമാക്കാമോ; | (എ) | കൊല്ലം, പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി CWPRS നടത്തുന്ന പഠനങ്ങളിൽ<br>(1) Mathematical model studies for shoreline changes,<br>(2) Mathematical studies for Wave tranquility എന്നിവയുടെ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. CWPRS നടത്തുന്ന പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| | പ്രസ്തുത ഹാർബറിനായുള്ള പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ആരംഭിച്ചുവെന്നും അത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | ആരംഭിച്ചിട്ടില്ല. CWPRS നടത്തുന്ന മാതൃകാ പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പരിസ്ഥിതി പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പരിസ്ഥിതി പഠനം പൂർത്തീകരിച്ചതിനുശേഷം CRZ Status report സെസ്സിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. തുടർന്ന് CRZ/EIA ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള എൻ.ഒ.സി. എന്നിവ ലഭ്യമായശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ